"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അക്കാഡമിക് - 2023-24 അധ്യയന വർഷ ബി.എസ്.സി (നഴ്സിംഗ്) കോഴ്സ് പ്രവേശനം - ക്ലാസ്സ് ആരംഭിക്കുന്ന തീയതി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.2318/2023/H&FWD തീയതി,തിരുവനന്തപുരം, 13-09-2023

---

പരാമർശം:-

1. സ.ഉ (സാധാ) നം 1871/2023/ആ.കു.വ തീയതി 29.07.2023
2. സ.ഉ (സാധാ) നം. 2123/2023/ആ.കു.വ തീയതി 19.08.2023
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 08.09.2023 തീയതിയിലെ ബി6/4216/2023/മെ.വി.വ നമ്പർ കത്ത്
4. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ & ടെക്നോളജിയുടെ 07/09/2023- ലെ സി/730/2015/സിമെറ്റ് നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2023-24 അധ്യയന വർഷത്തെ ബി.എസ്.സി (നഴ്സിംഗ്) കോഴ്സ് ക്ലാസ്സ് ആരംഭിക്കുന്ന തീയതി 14/08/2023- ആയി നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിലെ B.Sc (N) അവസാന ബാച്ച് ക്ലാസ്സുകൾ 2024 ജനുവരിയിൽ മാത്രമെ അവസാനിക്കുകയുള്ളൂവെന്നതിനാൽ ഈ അധ്യയന വർഷത്തെ ക്ലാസ്സുകൾ നീട്ടണമെന്ന മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ അഭ്യർത്ഥന പരിഗണിച്ച് 2023-24 ലേക്കുള്ള B.Sc (N) ക്ലാസുകൾ ആരംഭിക്കുന്ന തീയതി പരാമർശം (2) പ്രകാരം 2023 സെപ്റ്റംബർ 15 - ആയി പുതുക്കി നിശ്ചയിച്ചിരുന്നു.

2. 2023-24 അധ്യയന വർഷം 6 സർക്കാർ നഴ്സിംഗ് കേളേജുകളും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ & ടെക്നോളജിയുടെ കീഴിൽ 7 കോളേജുകളും ആരംഭിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സമയം ആവശ്യമുള്ളതിനാൽ B.Sc (N) ക്ലാസുകൾ ആരംഭിക്കുന്ന തീയതി 16.10.2023- ലേക്ക് നീട്ടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും, സിമെറ്റ് ഡയറക്ടറും യഥാക്രമം പരാമർശം 3, 4 എന്നിവ പ്രകാരം ശിപാർശകൾ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറും, സിമെറ്റ് ഡയറക്ടറും സമർപ്പിച്ച ശിപാർശകൾ പരിഗണിച്ച് 2023-24 അധ്യയന വർഷത്തേക്കുള്ള ബി.എസ്.സി (നഴ്സിംഗ്) കോഴ്സ് ക്ലാസ്സുകൾ ആരംഭിക്കുന്ന തീയതി **16.10.2023-** ലേക്ക് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരം.

രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല, തൃശ്ശൂർ.

രജിസ്ട്രാർ, കേരള നഴ്സ് & മിഡ്വൈവ്സ് കൺസിൽ, തിരുവനന്തപുരം.

സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൺസിൽ, ന്യൂഡൽഹി

ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ &
ടെക് നോളജി

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.

പട്ടികജാതി/പട്ടിക വർഗ്ഗ വികസന വകുപ്പ്

വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Prijith G.
Date: 13-09-2023 11:33:55

സെക്ഷൻ ഓഫീസർ